**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **08-10-2024 - ൽ മറുപടിയ്ക്ക്**

**മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ സ്ഥലം അർഹതപ്പെട്ടവർക്ക് നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം അനുവദിച്ചുകിട്ടിയ സംരംഭകർ ഒരു പദ്ധതിയും ആരംഭിക്കാതിരിക്കുന്ന പക്ഷം അത് തിരിച്ചെടുത്ത് അർഹതയുള്ള മറ്റ് അപേക്ഷകർക്ക് നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നടപടി ക്രമം വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ Land & Shed allotment Rule (01/06/1993) Clause 14 (V), 19 പ്രകാരം ഷെഡ്ഡ്/ലാന്റ് അലോട്ട് ചെയ്തു നൽകി ആറുമാസത്തിനുള്ളിൽ സമർപ്പിച്ചിരിക്കുന്ന പ്രൊജക്ട് പ്രകാരമുള്ള വ്യവസായം ആരംഭിക്കേണ്ടതും, അല്ലാത്തപക്ഷം ഷെഡ്ഡ് തിരിച്ചെടുക്കാവുന്നതുമാണ്. 6 മാസത്തിനുള്ളിൽ പദ്ധതി ആരംഭിക്കാതിരിക്കുകയും, യൂണിറ്റ് പ്രവർത്തനത്തിനായി അധിക സമയത്തിന് അപേക്ഷിക്കുകയുമാണെങ്കിൽ അടുത്ത 6 മാസം കൂടി നൽകാവുന്നതും, അല്ലാത്തപക്ഷം സംഘം മാനേജിങ്ങ് ഡയറക്ടർക്ക് ഷെഡ്ഡ് തിരിച്ചെടുത്ത് അടുത്ത അലോട്ട്മെന്റിനുള്ള നടപടികൾ ആരംഭിക്കാവുന്നതുമാണ്. ഷെഡിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരെ സബ്കമ്മിറ്റി കൂടിക്കാഴ്ചനടത്തി ഭരണസമിതിക്ക് ശുപാർശ ചെയ്തതിനുശേഷം ഭരണസമിതി തീരുമാനം എടുത്തു രജിസ്ട്രാറുടെ അനുമതി ലഭിച്ച ശേഷം അർഹതപ്പെട്ടവർക്ക് ഷെഡ് അനുവദിച്ചു നൽകുന്നതാണ്.<br><br>സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ അനുവദിച്ച ഭൂമി ഉപയോഗപ്പെടുത്താത്ത സംരംഭകരിൽ നിന്നും ആയത് തിരിച്ചെടുത്ത് പുതിയ നോട്ടിഫിക്കേഷനിലൂടെ മറ്റു സംരംഭകർക്ക് അനുവദിച്ചു വരുന്നു. |
| (ബി) | അനുവദിച്ച സ്ഥലത്ത് പദ്ധതി ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്യുന്നവരിൽ നിന്ന് ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി എന്താണ്; ഈ രണ്ടിനത്തിലും നിലവിൽ വെറുതെ കിടക്കുന്ന സ്ഥലം സംബന്ധിച്ച് ജില്ലാതലത്തിൽ ഡാറ്റ ലഭ്യമാണോ; വിശദമാക്കാമോ? | (ബി) | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ Land & Shed allotment Rule (01/06/1993) Clause 14 പ്രകാരം അനുവദിച്ച സ്ഥലത്തു പദ്ധതി ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്യുന്നവർക്കു നിയമാനുസൃതം ഷെഡ് ഉടമകൾക്ക് രജിസ്റ്റേർഡ് തപാലിൽ അറിയിപ്പ് നൽകി ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഷെഡ്ഡ് തിരിച്ചെടുക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ജനറൽ മാനേജർ ഉത്തരവ് പുറപ്പെടുവിക്കുകയും നിലവിൽ കുടിശ്ശിക ഉണ്ടെങ്കിൽ ആയത് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുകയും ചെയ്യുന്നു. സ്ഥലം/ ഷെഡ്ഡ് അനുവദിച്ച് പ്രവർത്തനം ആരംഭിക്കുകയും പിന്നീട് യൂണിറ്റ് നടത്താതെ വരികയും ചെയ്യുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് നൽകി, ഇതു സംബന്ധിച്ച് വിശദീകരണം/ ഹിയറിങ്ങ് നടത്തി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>സംരംഭകന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും മതിയായ കാരണം ഉണ്ടെങ്കിൽ സമയം നീട്ടി നൽകുകയും ജില്ലാ വ്യവസായ കേന്ദ്രം ഇടപെട്ട് യൂണിറ്റ് ആരംഭിക്കാൻ ആവശ്യമായ സഹായം നൽകുകയും ചെയ്യും. സംരഭകന് സംഘത്തിന്റെ അനുമതിയോടെ മറ്റൊരാൾക്ക് ഷെഡ് കൈമാറാനും അവസരം നൽകും. ഇക്കാര്യങ്ങൾ ഒന്നും സാധ്യമായില്ലായെങ്കിൽ ഷെഡ്ഡ് തിരിച്ചെടുക്കാവുന്നതും മറ്റൊരാൾക്ക് അലോട്ടു ചെയ്യാവുന്നതുമാണ്. ഒഴിഞ്ഞു കിടക്കുന്ന ഷെഡുകൾ സംബന്ധിച്ച വിവരങ്ങൾ സംഘത്തിൽ ലഭ്യമാണ്. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇതു സംബന്ധിച്ച ഡാറ്റാ ലഭ്യമാണ്.<br><br>അനുവദിച്ച സ്ഥലത്ത് പദ്ധതി ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്യുന്ന സംരംഭകർക്ക് നോട്ടീസ് നൽകി സിഡ്കോ ഭൂമി തിരിച്ചെടുത്ത് മറ്റു സംരംഭകർക്ക് അനുവദിക്കുന്നു. സിഡ്കോയുടെ പ്ലോട്ടുകളിലെ ജില്ലാ തലത്തിലുള്ള ഡാറ്റ ചുവടെ കൊടുക്കുന്നു<br><br>തിരുവനന്തപുരം 31.36 സെന്റ്<br><br>കൊല്ലം - 9.52 സെന്റ്<br><br>ആലപ്പുഴ – 20.36 സെന്റ്<br><br>കോട്ടയം - 3.67 സെന്റ്<br><br>എറണാകുളം - 2.07 സെന്റ്<br><br>പാലക്കാട് - 2.04 സെന്റ്<br><br>കണ്ണൂർ - 2.64 സെന്റ്. |

സെക്ഷൻ ഓഫീസർ